സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – സ്പെഷ്യൽ റൂൾസ് – യോഗ്യതയിലെ ഭേദഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 7373/22/Est-I** നന്തൻകോട്, **01/02/2024**

---

പരാമർശം :– 1) ദേവസ്വം കമ്മീഷണറുടെ 31–07–2023 ലെ ROC 11605/23/Mis-B നമ്പർ റിപ്പോർട്ട്.

2) ദേവസ്വം കമ്മീഷണറുടെ 29–11–2023 ലെ ROC 62/21/Est-B നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്പെഷ്യൽ റൂൾസിൽ നാദസ്വരം–കം–വാച്ചർ, തകിൽ–കം–വാച്ചർ, ട്യൂട്ടർ (തകിൽ), ട്യൂട്ടർ(നാദസ്വരം), ടൂട്ടർ (പഞ്ചവാദ്യം), പാർട്ട്ടൈം പഞ്ചവാദ്യം–കം–വാച്ചർ എന്നീ തസ്തികകൾക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പരാമർശിച്ചിട്ടില്ലെന്നും ക്ഷേത്രകലാപീഠത്തിൽ പ്രവേശനം ലഭിക്കുവാൻ SSLC ജയം ആണ് അടിസ്ഥാന യോഗ്യത എന്നതിനാലും മറ്റ് ക്ഷേത്ര ജീവനക്കാരുടെ നിയമനത്തിനായുള്ള അടിസ്ഥാന യോഗ്യത SSLC ജയം ആയതിനാലും മേൽ വിവരിച്ച തസ്തികകൾക്കും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത SSLC ജയം/തത്തുല്യം എന്ന് സ്പെഷ്യൽ റൂളിൽ ചേർക്കുന്നത് അഭികാമ്യമാണെന്ന് പരാമർശം 1 റിപ്പോർട്ടിൽ ദേവസ്വം കമ്മീഷണർ അഭിപ്രായപ്പെട്ടിരുന്നു.

സ്ട്രോംഗ് റൂം ഗാർഡ്മാർക്ക് ഉയർന്ന ശാരീരികക്ഷമത അനിവാര്യമാകയാൽ സ്പെഷ്യൽ റൂൾസിൽ ടി തസ്തികയുടെ യോഗ്യതയിൽ physical efficiency test ഉൾപ്പെടുത്തണമെന്ന് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തു (പരാമർശം –2).

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു. ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Travancore Devaswom Board Officers' and Servants' Service Rules ൽ ചുവടെ വിവരിക്കും പ്രകാരമുള്ള ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(മറുപുറം)

IT

ട്യൂട്ടർ (നാദസ്വം), ട്യൂട്ടർ (തകിൽ), ട്യൂട്ടർ (പഞ്ചവാദ്യം), പാർട്ട്ടൈം പഞ്ചവാദ്യം-കം-വാച്ചർ, തകിൽ-കം-വാച്ചർ, നാദസ്വരം-കം-വാച്ചർ എന്നീ തസ്തികകളുടെ യോഗ്യതയിൽ 'pass in SSLC/equivalent' എന്ന് കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

സ്ട്രോംഗ്റൂം ഗാർഡ് തസ്തികയുടെ യോഗ്യതയിൽ നേരിട്ടുള്ള നിയമനത്തിന് 'pass in physical efficiency test' എന്നത് കൂടി ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

Travancore Devaswom Board Officers'and Servants' Service Rules -ൽ മേൽ പ്രകാരമുള്ള ഭേദഗതി വരുത്തി കരട് വിജ്ഞാപനം തയ്യാറാക്കുന്നതിന് നിയമ വിഭാഗത്തെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK